LIBRARY ARCHIVES Kerala Legislative Assembly

ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ ഡിജിറ്റലൈസേഷൻ

349(2818) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ ഒൻപത് ഡിജിറ്റലൈസ് ചെയ്യാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇതിനായി ഏത് തലത്തിലാണ് അനുമതി നൽകിയിരിക്കുന്നത്; ഇതിനുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നു; വിശദമാക്കാമോ ;

(ബി) ഡിജിറ്റലൈസേഷൻ നടത്തുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; പ്രസ്തുത ഏജൻസിയുമായി സർക്കാർ കരാറിൽ ഏർപ്പെടുകയുണ്ടായോ; എങ്കിൽ കരാറിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ;

(സി) ഇതിനായുള്ള ടെണ്ടറിൽ ഏതെല്ലാം സ്ഥാപനങ്ങൾ പങ്കെടുത്തുവെന്നും അവയിൽ ഏതെല്ലാം ക്വാളിഫൈ ചെയ്തുവെന്നും വ്യക്തമാക്കാമോ ; ഓരോ സ്ഥാപനവും ക്വാട്ട് ചെയ്ത രൂക എത്ര വീതം?

ഉത്തരം

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സീസൺ 9 പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യാൻ തീരുമാനിച്ചിട്ടില്ല. ഇതിനായി പ്രത്യേകമായി രൂക ജി.കെ.എസ്.എഫ്. ചെലവഴിക്കുന്നില്ല.

(ബി) സീസൺ 9-ൽ ഒരു പരീക്ഷണമെന്ന നിലയിൽ ഭാഗികമായി രണ്ടു ലക്ഷത്തിൽ കൂടാത്ത കൂപ്പൺ ഡിജിറ്റലായി നൽകുന്നുണ്ട്. സെന്റർ ഫോർ ഡിജിറ്റൽ ഫിനാൻഷ്യൽ ഇൻക്ലൂഷൻ എന്ന ഏജൻസിയും, ഭാരതീയ സ്റ്റേറ്റ് ബാങ്കും ഫെഡറൽ ബാങ്കുമാണ് ഈ പദ്ധതിക്കാവശ്യമായ രൂക ചെലവഴിക്കുന്നത്. സി.ഡി.എഫ്.ഐ. ആണ് ഇതിന്റെ പങ്കാളികൾ. സി.ഡി.എഫ്.ഐ.-യുമായി ധാരണപത്രം ഒപ്പുവച്ചിട്ടുണ്ട്. കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഈ പദ്ധതിക്കായി ജി.കെ.എസ്.എഫ്.-ന് പ്രത്യേകം ചെലവില്ല. നടത്തിപ്പിനായി വരുന്ന രൂക സി.ഡി.എഫ്.ഐ.-യും ബാങ്കുകളുമാണ് ചെലവഴിക്കുന്നത്. ആയതിനാൽ ടെണ്ടർ നടപടികൾ നടത്തിയിട്ടില്ല. ഭാരതീയ സ്റ്റേറ്റ് ബാങ്കും, ഫെഡറൽ ബാങ്കും ഡിജിറ്റൽ കൂപ്പണിന്റെ രൂക ജി.കെ.എസ്.എഫ്.-ന് നൽകിയാണ് കൂപ്പൺ വാങ്ങുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്